ഓരോ സംഘങ്ങൾക്കും ഉണർമേന്മയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ സർക്കാർ കൃഷി ഫാമിൽനിന്നും സൗജന്യമായി ലഭ്യമാക്കി അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിക്കുള്ള സാധ്യത പരിശോധിച്ച് കൃഷി വായ്പ നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഹ്രസ്വകാല കാർഷിക വായ്പകൾ - പലിശരഹിത വായ്പാ പദ്ധതി

111 (451) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പാലോട് രവി :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇളവ് നൽകുക എന്നതാണ് ഉത്തേജന പലിശ ഇളവ് പദ്ധതിയുടെ ലക്ഷ്യം. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ ഉക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുമ്പോ തിരിച്ചടയക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന 3% പലിശ സബ് വെൻഷൻ (യഥാസമയം തിരികെ അടയ്ക്കുന്ന വായ്പകൾക്ക്, നബാർഡിൽനിന്നും അനുവദനീയമായ 1% പലിശ ഇളവ് ഉൾപ്പെടെ) കഴിച്ച് പരമാവധി 5% പലിശ സബ്സിഡി അനുവദിക്കുന്നതാണ് ഉത്തേജന പലിശ ഇളവ് പദ്ധതി. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ് വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി ആണ് അനുവദിച്ചുവരുന്നത്.

(സി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ. ഒന്നിലധികം വായ്പകളിലായി ഓരോ കർഷകർക്കും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ, പരമാവധി 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly